# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 56                                                   27.02.2018- ലെ മറുപടിക്ക്

## സഹകരണ ബാങ്കുകളുടെ ആധുനികവല്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ബി. ഗണേഷ് കുമാർ**<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ. നാണു**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ബാങ്കിംഗ് രംഗത്ത് നടപ്പിലാക്കിവരുന്ന ആധുനികവല്ക്കരണം സഹകരണ ബാങ്കുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) സഹകരണ ബാങ്കുകളിൽ നിലവിലുള്ള വായ്പാനയം കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഓരോ പ്രദേശത്തെയും ജനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും ആവശ്യകതയ്ക്കനുസൃതമായ വായ്പ പദ്ധതികളാണ് അതത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ നടപ്പിലാക്കി വരുന്നത്. |
| (സി) നിലവിൽ സഹകരണ ബാങ്കുകളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്ക് പ്രോജക്ട് ചെലവിന്റെ 90% അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗ് സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായിട്ടാണ് തുക അനുവദി |

ക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 58 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിലേക്കായി 132.754 ലക്ഷം രൂപ ഓഹരിയായും 132.48 ലക്ഷം രൂപ സബ്സിഡിയായും 285.6875 ലക്ഷം രൂപ വായ്പയായും ധനസഹായം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) സഹകരണ ബാങ്കുകളിൽ ആർ.ടി.ജി.എസ്., മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും ആർ.ടി.ജി.എസ്, NEFT സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകളിൽ മൊബൈൽ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചതിന് ശേഷം പ്രസ്തുത ബാങ്കിന് എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ലഭിക്കുന്നതിനു വേണ്ട മുന്നൊരുക്കങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ